

# നോമ്പ് മൂന്നാം ഞായർ (മത്താ 6:1–8,16–18)

നോമ്പുകാലത്തിലെ മൂന്നാം ഞായറാഴ്ചയിലേക്ക് നാം പ്രവേശിക്കുകയാണ്. പ്രലോഭനങ്ങളെ പരാജയപ്പെടുത്തി സ്വജീവിതം പിതാവിന് സമർപ്പിച്ച ഈശോയെപോലെ നമ്മ ുടെ ദുരാശകൾ ഉന്മൂലനം ചെയ്ത് തീഷ്ണതനിറഞ്ഞ പ്രാർത്ഥനയിലും ഉപവാസത്തിലും ഔദാര്യപൂർണമായ ദാനധർമ്മപ്രവർത്തികളിലും നാം വ്യാപരിക്കണമെന്ന് നോമ്പുകാലം നമ്മെ അനുസ്മരിപ്പിക്കുന്നു. എന്നാൽ അത് എപ്രകാരമായിരിക്കണം എന്ന് ഓർമിപ്പിക്കുകയാണ് ഇന്നത്തെ സുവിശേഷഭാഗവും മറ്റ് വായനകളും. മറ്റുള്ള വരിൽ നിന്ന് പ്രശംസ ലഭിക്കുക എന്ന ലക്ഷ്യത്തോടെ നാം സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയോ ദാനധർമ്മം ചെയ്യുകയോ അരുതെന്നു വിശുദ്ധ മത്തായിയുടെ സുവിശേഷം ആറാം അധ്യായം ഒന്നുമുതൽ എട്ടുവരെയുള്ള തിരുവചനങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു. സ്വാർത്ഥ താല്പര്യങ്ങൾക്ക് വേണ്ടി ഉള്ള ദാനധർമ്മത്തെകാളും പ്രതിഫലേച്ഛ കൂടാതെ രഹസ്യമായി ചെയ്യുന്ന സത്കർമ്മങ്ങൾക്ക് രഹസ്യങ്ങൾ അറിയുന്ന പിതാവ് പ്രതിഫലം നൽകും. നിസ്വാർഥമായ സ്നേഹത്തിൽ നിന്ന് ഉരുത്തിരിയുന്ന ഇത്തരം സത്കർമ്മങ്ങൾ നമ്മുടെ ആത്മീയജീവിതത്തിന് കരുത്തുപകരും. സുവിശേഷങ്ങളിൽ നാം കാണുന്ന തനിച്ചിരുന്ന് രഹസ്യമായി പിതാവിനോട് പ്രാർഥിക്കുന്ന ഈശോയെപോലെ, ഏകാന്തമായി പ്രാർഥിക്കാൻ ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ. സന്തോഷത്തോടെ നമ്മുടെ സമൃദ്ധിയിൽ നിന്ന് നമ്മുടെ കഴിവിനനുസരിച്ച് മറ്റുള്ളവരുടെ കുറവ് നികത്തുന്നതിനായി ദാനം ചെയ്യണമെന്ന് പൗലോസ് ശ്ലീഹായും നമ്മെ ഓർമിപ്പിക്കുന്നു(2കോറി 8:9–15). ഈ നോമ്പുകാലത്ത് നാം പ്രത്യേകമായി അനുഷ്ഠിക്കേണ്ട ഉപവാസം,ദാനധർമ്മം, നീതി എന്നിവയോട് ഏകാന്തമായ പ്രാർഥനകൂടിയാകുമ്പോൾ ജീവിതത്തിന്റെ പൂർണതയായ ഈശോമിശിഹായെ പ്രാപിക്കാൻ നമുക്കും സാധിക്കുമെന്ന് പഴയനിയമവായനകൾ നമ്മെ ഓർമിപ്പിക്കുന്നു. ഉപവാസത്തിലും പ്രാർഥനയിലും ചെലവഴിച്ച ഈശോയെപ്പോലെ ഉപവാസവും പ്രാർഥനയും ദാനധർമ്മവും വഴി ആത്മീയജീവിതത്തിന് ശക്തിപകരാൻ ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ.

തയ്യാറാക്കിയത്,
ബ്രദർ ജോബി പനച്ചിക്കൽ
13-03-2022

സീറോമലബാർ ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്, കാക്കനാട്
Read more: wwwsyromalabarliturgy.org